**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(ഹാജർ:ശ്രീമതി.അനുപമ.ടി.വി, സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി(SCPS))

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - പാലക്കാട് കൗൺസിലർമാർക്കെതിരെയുള്ള അന്വേഷണം സാമൂഹ്യ നീതി ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.സുന്ദരിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം: ഐ.സി.പി.എസ് എൻക്വയറി ടീമിന്റെ 21.06.2017 ലെ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ് നമ്പർ- ICPS-3/040499/16 തീയതി: 01.07.2017**

പാലക്കാട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ കൗൺസിലർ ശ്രീമതി.റീത്തമോൾ സോഷ്യൽ വെൽഫയർ ബോർഡ് മഹിളാമന്ദിരത്തിൽ നിയോഗിച്ചിട്ടുള്ള കൗൺസിലർ ശ്രീമതി.മേഴ്സി എന്നിവരുടെ പ്രവർത്തനം ശരിയായ രീതിയിൽ അല്ല നടക്കുന്നതെന്നും. ശ്രീമതി.റീത്തമോൾ ഒരു കൗൺസിലർക്ക് യോജിക്കാത്തതരത്തിൽ മഹിളാമന്ദിരത്തിലെ താമസക്കാരിയായ ശ്രീമതി.റിൻസിയോട് ദേഷ്യപ്പെടുകയും അവർക്കെതിരെ ഗൂഢനീക്കങ്ങൾ നടത്തിയെന്നും ശ്രീമതി.മേഴ്സി താമസക്കാർക്കെതിരെ ഗൂഢാലോചന നടത്തി അവരെ സ്ഥാപനത്തിൽ നിന്നും ഒളിച്ചോടാൻ പ്രേരിപ്പിച്ചതായും ഐ.സി.പി.എസ് എൻക്വയറി ടീമിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശപ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ കൗൺസിലർ ശ്രീമതി.റീത്തമോൾ സോഷ്യൽ വെൽഫയർ ബോർഡ് മഹിളാമന്ദിരത്തിൽ നിയോഗിച്ചിട്ടുള്ള കൗൺസിലർ ശ്രീമതി.മേഴ്സി എന്നിവരുടെ മഹിളാമന്ദിരത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും അന്വേഷണം നടത്തുന്നതിനായി സാമൂഹ്യ നീതി ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.സുന്ദരിയെ നിയോഗിച്ച് ഉത്തരവാകുന്നു.

ശ്രീമതി.സുന്ദരി, പാലക്കാട് മഹിളാമന്ദിരം, ഗവ.ഒബ്സർവേഷൻ ഹോം & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം , ജില്ലാ ശിശു സംരക്ഷണ ഓഫീസ്, ജില്ലാ സാമൂഹ്യ നീതി ഓഫീസ് എന്നിവ സന്ദർശിയ്ക്കേണ്ടതും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട്. സമർപ്പിയ്ക്കേണ്ടതുമാണ്.

ടി അന്വേഷണ സംബന്ധമായ യാത്രകൾക്ക് ശ്രീമതി.സുന്ദരിയ്ക്ക് വകുപ്പിൽ നിന്നും നിയമാനുസൃതമായ യാത്രാബത്ത ലഭ്യമാക്കുന്നതാണ്.

(ഒപ്പ്)

.സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)

ശ്രീമതി.സുന്ദരി.സി
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്.

പകർപ്പ്:-

1. സൂപ്രണ്ട്, ഗവ ഒബ്സർവേഷൻ ഹോം ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം.പാലക്കാട്.
2. ജില്ലാ ശിശുസംരക്ഷണ ഓഫീസർ, പാലക്കാട്.
3. ICPS-4
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ